"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- നിലാവ് പദ്ധതി- ഉദ്ഘാടനം - തുക ചെലവഴിക്കുവാൻ യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂബി) വകുപ്പ്

സ.ഉ.(സാധാ) നം.496/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 19/02/2021

---

പരാമർശം:-

1. 17.02.2021- ലെ ഇഡബ്ള്യൂബി1/30/2021-തസ്വഭവ നം കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 17.02.2021- ലെ കത്ത്

<u>ഉത്തരവ്</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പരമ്പരാഗത തെരുവു വിളക്കുകൾ മാറ്റി LED ബൾബ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന നിലാവ് പദ്ധതി 22.02.2021 തിങ്കളാഴ്ച്ച വൈകിട്ട് 5.30 മണിക്ക് ബഹു; മുഖ്യമന്ത്രി ഓൺലൈനായി ഉദ്ഘാടനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ പ്രാദേശികമായി പള്ളിക്കൽ, ഉടുമ്പൻചോല, ഒതുക്കുങ്ങൽ, വെള്ളമുണ്ട, വേലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കരുനാഗപ്പള്ളി, ചേർത്തല എന്നീ നഗരസഭകളിലും ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് .

നിലാവ് പദ്ധതിയുടെ ഉദ്ഘാടന ചടങ്ങ് സംഘടിപ്പിക്കുന്നതിലേക്കും ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ഉണ്ടാകാവുന്ന ചെലവുകൾ സംബന്ധിച്ച് പരാമർശം 1 പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

i ) ഉദ്ഘാടന ചടങ്ങ് നടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പരിപാടിക്ക് വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഉദ്ഘാടന ചടങ്ങിനും പ്രചരണ പ്രവർത്തനങ്ങൾക്കുമായി പ്രസ്തുത ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി 30000/- രൂപ വരെയും നഗരസഭകൾക്ക് 50,000/- രൂപ വരെയും തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ്.

ii) ഇതിനോടകം നിലാവ് പദ്ധതിയിൽ പങ്കെടുക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള മറ്റ് കോർപ്പറേഷൻ, നഗരസഭ, ഗ്രാമ പഞ്ചായത്ത് എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയുടെ തനത് ഫണ്ടിൽ നിന്നും യഥാക്രമം പരമാവധി 50,000/-, 25,000/-, 15,000/- എന്നീ തുകകൾ വരെ ചെലവഴിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

iii ) സംസ്ഥാനതലത്തിൽ ഹോർഡിങ്ങുകൾ സ്ഥാപിക്കുക, നോട്ടീസ് അച്ചടിക്കുക ഉൾപ്പെടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്. ഇതിലേക്കായി പഞ്ചായത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള ഉചിതമായ അക്കൗണ്ടിൽ നിന്ന് പരമാവധി ഒരു ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്.

സംസ്ഥാനതല പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള റോഡ് റോളർ ഫണ്ടിൽ നിന്നും (Account No-009901000017514, IOB

Thiruvananthapuram branch) തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചു.

മേൽ പരാമർശിച്ചിട്ടുള്ള നിയന്ത്രണങ്ങൾക്ക് വിധേയമായി ഇനം i, ii എന്നിവയ്ക്ക് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുവാനും ഇനം iii -ന് പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുള്ള പ്രകാരം റോഡ് റോളർ ഫണ്ടിൽ നിന്നും (Account No-009901000017514, IOB Thiruvananthapuram branch) തുക ചെലവഴിക്കുന്നതിനുമുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) (ആഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ